MR. K. SARANGADHARAN : ഇതു സംബന്ധിച്ച് ജനങ്ങളുടെ വല്ല പരാതികളും കിട്ടിയിട്ടുണ്ടോ ?

HON'BLE MR. E. K. MADHAVAN : അവിടെ അത്യാവശ്യമാണെന്ന് ജനങ്ങളുടെ ഒരു പെറ്റീഷൻ കിട്ടി. എന്നാൽ അവിടെ ആവശ്യമില്ലെന്നു സർജൻ ജനറലിന്റെ സ്റ്റാറ്റിസ്റ്റിക്സുകളോടുകൂടിയ ഒരു റിപ്പോർട്ട് ലഭിച്ചതുകൊണ്ട് അതു വേണ്ടെന്നാണ് നിശ്ചയിച്ചത്.

MR. K. SARANGADHARAN : അവിടെയുള്ള ജനങ്ങൾക്ക് അത് അത്യാവശ്യമായതുകൊണ്ട് അതിനു വേണ്ട സഹായങ്ങൾ അവർ ചെയ്യാൻ തയാറായാൽ ഗവണ്മെൻറ് അതിനു തയ്യാറാകുമോ ?

HON'BLE MR. E. K. MADHAVAN : ഗവണ്മെൻറിനെ കാര്യം പറഞ്ഞറിയിക്കുകയും അത് അത്യാവശ്യമാണെന്നു ബോദ്ധ്യപ്പെടുത്തുകയും അതിനു വേണ്ട കെട്ടിടങ്ങളും മറ്റു ചെലവുകളും നാട്ടുകാർ ചെയ്യുകയും ചെയ്താൽ ഗവണ്മെൻറ് അതേക്കുറിച്ചാലോചിക്കുന്നതാണ് .

ഹിന്ദി അദ്ധ്യാപകന്മാർ.

* 93. MR. MANNAR K. GOPALAN NAIR : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂറിലെ വിദ്യാലയങ്ങളിൽ ഹിന്ദിഭാഷ ഐച്ഛികമായി അനുവദിച്ചിട്ടുള്ളിടത്ത് ഹിന്ദി അദ്ധ്യാപകന്മാരില്ലാതെ വിഷമിക്കുന്ന കാര്യം ഗവണ്മെൻറിനറിവുണ്ടോ ?

(ബി) അങ്ങനെയുള്ള സ്ഥലങ്ങളിൽ ഹിന്ദി അദ്ധ്യാപകന്മാരെ നിയമിക്കാതിരിക്കാനുള്ള കാരണം പറയാൻ ദയവുണ്ടാകുമോ ?

HON'BLE MR. N. KUNJURAMAN: (*a*) Yes.
(*b*) Want of duly qualified candidates for the post.

MR. MANNAR K. GOPALAN NAIR : ഹിന്ദിഭാഷ ഐച്ഛികമായി സ്വീകരിച്ചിട്ടുള്ള സ്കൂളുകളിൽ അദ്ധ്യയനം നൽകാൻ യോഗ്യതയില്ലാത്ത അദ്ധ്യാപകന്മാർ ഉണ്ടെന്നു ഗവണ്മെൻറിന് അറിയാമോ?

HON'BLE MR. N. KUNJURAMAN : അതു സംബന്ധിച്ചുള്ള സ്ഥിതി വിവരക്കണക്കുകൾ ഗവണ്മെൻറിന്റെ കയ്യിൽ ഇല്ല.

MR. G. CHANDRASEKHARA PILLAI (*Neyyattinkara II—Genarat*) : തക്ക ക്വാളിഫിക്കേഷൻ ഉള്ളവർ സ്കൂളുകളിൽ ഇല്ലെന്നു പറഞ്ഞു. എന്താണ് ക്വാളിഫിക്കേഷന്റെ തോതു ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : അതിന്റെ വിവരം കയ്യിൽ ഇല്ല.

MR. K. SARANGADHARAN : തിരുവിതാംകൂറിലെ എല്ലാ സ്ക്കൂളുകളിലും ഹിന്ദി നടപ്പാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

MR. ABDUL AZIZ: On a point of order. It refers to the policy of the Government in regard to certain matters.

MR. PRESIDENT: Yes.

Manager in the Office of the Director of Public Instruction.

*94. MR. MANKUZHI M. MADHAVAN (*Chirayinkil III—General*) : Will the Hon'ble Minister for Education be pleased to state whether there was no Manager in the Office of the Director of Public Instruction for the last so many months?

HON'BLE MR. N. KUNJURAMAN: No. The post has been vacant from 1-1-1124.

Supply of rice in Chirayinkil Taluk.

*95. MR. MANKUZHI M. MADHAVAN: Will the Hon'ble Minister for Food be pleased to state whether the Government are aware of the fact that the rice supplied to Chirayinkil Taluk, especially in the coastal area, is almost rotten and unfit for human consumption?

HON'BLE MR. V. O. MARKOS: No rice which is unfit for human consumption has been distributed anywhere in the Chirayinkil Taluk. The distribution of ration is made on a uniform basis throughout the Taluk including coastal areas according to the availability of different varieties of rice.

MR. MANKUZHI M. MADHAVAN : പച്ചരി മാത്രമാണോ അവിടെ കൊടുക്കുന്നത് ?

HON'BLE MR. V. O. MARKOS : പച്ചരി മാത്രമല്ല. എന്നാൽ എല്ലാ സ്ഥലത്തും പച്ചരിതന്നെയാണ് അധികമായി കൊടുക്കുന്നത്.

ലാഫ്സായ തുകകൾ.

*96. MR. P. NANU (*Chirayinkil II—General*) : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ?

(എ) ലാപ്സായ സംഖ്യകൾ കക്ഷികൾക്ക് തിരിയെ കൊടുക്കുന്നതിനു അനുവാദത്തിനായി ഫോറം-ൽ എത്ര അപേക്ഷകൾ, കത്തുകൾ ഇവ അക്കൗണ്ടാഫീസിൽ കിട്ടിയിട്ടുണ്ട് ?

(ബി) ആ അപേക്ഷകളോ, കത്തുകളോ, കിട്ടിയ തീയതിക്രമത്തിനാണോ അവ തീർപ്പു ചെയ്തിട്ടുള്ളതും ഓർഡർകൾ പുറത്തയച്ചിട്ടുള്ളതും?

LIBRARY ARCHIVES Kerala Legislative Assembly